വീഴ്ച വരുത്തുന്ന കരാറുകാർ

* 130. [133] ശ്രീ. ടി. കെ. ഹംസ :

ശ്രീ. ഒ. ഭരതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീഴ്ച വരുത്തുന്ന കരാറുകാരെ ഒഴിവാക്കി പുതിയ ടെണ്ടർ കൊടുക്കുന്ന നടപടി മരാമത്ത് വകുപ്പിൽ നിലവിലുണ്ടോ ;

(ബി) പണിയിൽ വീഴ്ച വന്നതുമൂലം പുതിയ ടെണ്ടറുകൾ കൊടുത്ത എത്ര കേസുകൾ ഈ സാമ്പത്തിക വർഷമുണ്ടായി ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

(എ) വീഴ്ച വരുത്തുന്ന കരാറുകാരെ ഒഴിവാക്കി പുതിയ ടെണ്ടർ കൊടുക്കാറുണ്ട്.

(ബി) ഇപ്രകാരം 22 വർക്കുകൾ റീ-അറേഞ്ച് ചെയ്തിട്ടുണ്ട്.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

പോന്നോർ-എടക്കുളത്തൂർ റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടി

492. [638] ശ്രീ. കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം നിയോജക മണ്ഡലത്തിലെ പോന്നോർ-എടക്കുളത്തൂർ റോഡ് ഗതാഗതയോഗ്യമല്ലാതായതു കാരണം ബസ് ഗതാഗതം നിർത്തിവച്ചത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബസ് ഗതാഗതം പുനരാരംഭിക്കത്തക്കവിധം റോഡിന്റെ അറ്റകുറ്റപണികൾ നടത്താൻ സത്വര നടപടിയെടുക്കുമോ ?

ഉത്തരം

(എ) ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത റോഡ് ഇതുവരെയും പൊതുമരാമത്ത് വകുപ്പിന് കൈമാറി കിട്ടിയിട്ടില്ല. കൈമാറി കിട്ടിയാലുടൻതന്നെ ഇതിന്റെ പരിഷ്ക്കരണത്തിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ബൈപാസ്

493. [647] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഹൈവേയുടെ കോഴിക്കോട് ബൈപ്പാസിന് എത്ര കിലോമീറ്റർ ദൂരം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനുവേണ്ടി എത്ര രൂപയാണ് മതിപ്പുചെലവ് കണക്കാക്കിയിട്ടുള്ളത് ;

(സി) ഇതിന്റെ പ്രവർത്തനം തുടങ്ങുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം ലഭിച്ചുകഴിഞ്ഞുവോ ;

(ഡി) ഇല്ലെങ്കിൽ കാരണമെന്തെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 28.124 കി. മീ.

(ബി) ഏകദേശം 2029.86 ലക്ഷം രൂപ മതിപ്പുചെലവ് പ്രതീക്ഷിക്കുന്നു.

(സി) ഇല്ല.

(ഡി) ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് കേന്ദ്രഗവൺമെന്റാണ്.

പുതുപ്പള്ളി സെന്റ് ജോർജ്ജസ് ഗവൺമെന്റ് ഹൈസ്ക്കൂളിന്റെ പുനരുദ്ധാരണം

494. [671] ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുപ്പള്ളി സെന്റ് ജോർജ്ജസ് ഗവ. ഹൈസ്ക്കൂളിന്റെ പഴയ കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിച്ചുവോ ;

(ബി) ഇല്ലെങ്കിൽ എത്രയുംവേഗം പണി ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉദിക്കുന്നില്ല.

കേരളത്തിൽനിന്നും ഹജ്ജിനു പോയവർ

495. [676] ശ്രീ. പി. സീതിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽനിന്നും ഈ വർഷം എത്ര പേരാണ് ഹജ്ജിന് പോയത് ;

(ബി) അതിൽ വിമാനത്തിൽ പോയവർ എത്ര ; കപ്പൽമാർഗ്ഗം പോയവർ എത്ര ;

(സി) ആകെ എത്ര അപേക്ഷകരാണ് ഈ വർഷം ഉണ്ടായിരുന്നത് ;

(ഡി) കേരളത്തിൽ നിന്നുമുള്ള ഹജ്ജ് തീർത്ഥാടകരുടെ കാര്യം വർദ്ധിപ്പിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ?

ഉത്തരം

(എ) 2892

(ബി) 2589.303.

LIBRARY ARCHIVES Kerala Legislative Assembly